"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതി-ചട്ടത്തിലെ വ്യവസ്ഥകൾ - സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.15/2023/I&PRD

തിരുവനന്തപുരം, തീയതി 17-02-2023

പരാമർശം:-

1. 04.02.2000 ലെ സ.ഉ(പി) നമ്പർ.2/2000/പി.ആർ
2. 11.02.2021-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനം.
3. 04.05.2021 തീയതിയിലെ സ.ഉ (സാധാ) നമ്പർ 73/2021/ഐ&പി.ആർ നമ്പർ ഉത്തരവ്.
4. 03.12.2021 തീയതിയിലെ സ.ഉ (സാധാ) നമ്പർ 192/2021/ഐ&പി.ആർ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി 11.02.2021-ൽ ഓൺലൈനായി ചേർന്ന യോഗതീരുമാന പ്രകാരം പുറപ്പെടുവിച്ച പരാമർ ശം (3)-ലെ ഉത്തരവിൽ വിഷയം നം. 7 പ്രകാരം രേഖകളിലെ അവ്യക്തത മൂലമോ മറ്റ് ഏതെങ്കിലും തരത്തിലോ തീരുമാനം എടുക്കാൻ കഴിയാത്ത അപേക്ഷകളിൽ ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം/അധികാരം നൽകുകയും താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുകയും, നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ പെൻഷൻ മാനേജ്മെന്റ് കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്ത് അവയിൽ കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഉപസമിതി ചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിന് നിരവധി അപേക്ഷകളിൽ നയപരമായ തീരുമാനം ആവശ്യമായി വന്നു. പ്രസ്തുത സാഹചര്യത്തിൽ നയപരമായ തീരുമാനം എടുക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് വ്യവസ്ഥകളിൽ ചുവടെപ്പറയുന്ന സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1) സ്ഥാപനം പൂട്ടിപ്പോയത് കാരണമായോ റിട്രെഞ്ച്മെന്റ് മുഖേനയോ സ്ഥാപനത്തിന്റെ കാരണത്താലോ പിരിഞ്ഞു പോകേണ്ടി വരുന്ന ജീവനക്കാരുടെ വിഷയം**

എ) സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായത്തിന് മുമ്പ് 5 വർഷം വരെ കാലയളവിൽ റിട്രെഞ്ച്മെന്റ് മുഖേനയോ സ്ഥാപനത്തിന്റെ കാരണത്താലോ സ്ഥാപനം പൂട്ടിപ്പോയത് കാരണമായോ തൊഴിൽ നഷ്ടപ്പെടുകയും മറ്റൊരു മാധ്യമസ്ഥാപനത്തിൽ തുടർന്ന് ജോലി കിട്ടാതിരിക്കുകയും ചെയ്യുന്നവർക്ക്, പത്ത് വർഷത്തിലേറെ സർവീസ് ഉണ്ടെങ്കിൽ പൂർണപെൻഷനും സർവീസ് കാലം അഞ്ച് വർഷത്തിന് മുകളിൽ മാത്രമാണെങ്കിൽ പകുതി പെൻഷനും 58 വയസ്സ് പൂർത്തിയായതിന് ശേഷം

നൽകേണ്ടതാണ്.

ബി) പത്രസ്ഥാപനത്തിലെ ജോലി നഷ്ടപ്പെടുന്ന വേളയിൽ അംഗത്വം റദ്ദായവരുടെ അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് പെൻഷൻ മാനേജ്മെന്റ് കമ്മിറ്റിയാണ്.

സി) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടി, 10 വർഷമോ അതിൽ കൂടുതലോ കാലം അംശദായം അടയ്ക്കുകയും തുടർന്ന് ജോലി നഷ്ടപ്പെട്ട് പോകുകയും/ അല്ലെങ്കിൽ സ്ഥാപനം പൂട്ടിപ്പോകുകയും അവർ മാധ്യമരംഗത്തല്ലാതെ മറ്റൊരു മേഖലയിൽ ജോലി ചെയ്തുവരികയുമാണെങ്കിൽ, 10 വർഷത്തെ അംഗത്വത്തിന്റെ അടിസ്ഥാനത്തിൽ 58 വയസാകുന്ന മുറയ്ക്ക് ഒരു നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത തുക പെൻഷൻ അനുവദിച്ച് നല്കുകയോ അടച്ച പണം 58 വയസാകുന്ന മുറയ്ക്ക് ചട്ടപ്രകാരം തിരിച്ച് നൽകുകയോ ചെയ്യാമെന്ന വിഷയം മാനേജ്മെന്റ് കമ്മിറ്റി പരിശോധിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ 31.12.2021-ൽ 58 വയസ് തികഞ്ഞ 10 വർഷം സർവ്വീസുള്ളവർക്ക് പകുതി പെൻഷൻ അനുവദിക്കേണ്ടതും, ബാക്കിയുള്ള എല്ലാവർക്കും അംശദായത്തുക മടക്കി നൽകുകയും ചെയ്യേണ്ടതാണ്.

**2) അംഗത്വം ലഭിക്കുന്നതിന് മുമ്പ് വിരമിച്ചവർ**

എ) ജോലിയിലിരിക്കെ അംഗത്വത്തിന് അപേക്ഷിക്കുകയും അംഗത്വം അനുവദിക്കുന്നതിനു മുമ്പ് വിരമിക്കുകയും ചെയ്തവരുടെ കാര്യത്തിൽ, ജോലിയിൽ സ്ഥിരപ്പെട്ട ശേഷം യഥാസമയം അപേക്ഷിച്ചില്ല എന്ന കാരണം ഒഴികെ, അംഗത്വത്തിനുള്ള മറ്റ് മാനദണ്ഡങ്ങൾ പൂർത്തീകരിച്ചിരുന്നോ എന്ന് പരിശോധിച്ച് അംശദായം ഒറ്റത്തവണയായി സ്വീകരിച്ച് പെൻഷൻ അനുവദിക്കാം. ആദ്യമായി അംഗത്വത്തിന് അപേക്ഷിക്കുന്ന വേളയിൽ വിരമിക്കുന്നതിന് കുറഞ്ഞത് 10 വർഷത്തെ സർവ്വീസ് ബാക്കിയുണ്ടാകണം. അപേക്ഷാത്തീയതി വരെയുള്ള തുകയ്ക്ക് പിഴപ്പലിശ ഒടുക്കേണ്ടതാണ്.

ബി) ഇത്തരം അപേക്ഷകരെ വകുപ്പ് നേരിൽ കേട്ടും അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്തിയും അർഹരായവരുടെ പട്ടിക പെൻഷൻ മാനേജ്മെന്റ് കമ്മിറ്റി ചെയർമാന് സമർപ്പിക്കേണ്ടതാണ്.

**3) ആശ്രിത പെൻഷൻ**

എ) പെൻഷണർ മരണപ്പെട്ടാൽ, ആശ്രിത പെൻഷൻ അനുവദിക്കുന്ന വേളയിൽ മരണത്തീയതിക്കു ശേഷമുള്ള പെൻഷൻ തുക കുടിശ്ശികയാക്കാതെ ആദ്യ തവണത്തെ പെൻഷൻ തുകയോടൊപ്പം തന്നെ വിതരണം ചെയ്യേണ്ടതാണ്.

ബി) വിരമിച്ചശേഷം പെൻഷന് അപേക്ഷിക്കുന്നതിന് മുമ്പോ, സമർപ്പിച്ചിരുന്ന പെൻഷൻ അപേക്ഷയിൽ നടപടി പൂർത്തീകരിക്കും മുമ്പോ ആണ് പദ്ധതിയംഗം മരണപ്പെടുന്നതെങ്കിൽ, മരണത്തീയതിയുടെ തൊട്ടടുത്ത മാസം മുതൽ കുടുംബപെൻഷൻ അനുവദിക്കേണ്ടതാണ്.

സി) പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെയോ, അംഗത്വ പുന:സ്ഥാപനത്തിന് അപേക്ഷിച്ചിട്ടുള്ള ഘട്ടത്തിൽ പദ്ധതിയംഗം മരണപ്പെടുന്ന സാഹചര്യത്തിലോ ഇവരുടെ ആശ്രിതർക്ക് പദ്ധതിയംഗം മരണപ്പെട്ട തീയതി വരെയുള്ള അംശാദായം സ്വീകരിച്ച് ഉത്തരവ് തീയതി മുതൽ കുടുംബപെൻഷൻ അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ഡെപ്യൂട്ടിസെക്രട്ടറി

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar S
Date: 17-02-2023 17:23:53

.ഉ.(സാധാ) നം.15/2023/I&PRD

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡയറക്ടറുടെ സി.എ-യ്ക്ക്
അഡീഷണൽ ഡയറക്ടറുടെ സി.എ-യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി
ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)